# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോന്നി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ. പി 9 - 665/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/10/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോന്നി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ. പി 9 - 665/21 തീയ്യതി: 22/10/2021

## പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09-09-2021 | 25-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2021 | 25-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരികുമാർ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2020 | 30-09-2020 |

| | | | |
|---|---|---|---|
| ശ്രീമതി രജനി എം | പ്രസിഡന്റ് | | |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 01-10-2020 | 28-12-2020 |
| ശ്രീമതി സുലേഖ വി നായർ | പ്രസിഡന്റ് | 29-12-2020 | 31-03-2021 |
| ശ്രീ. ജയപാലൻ ആർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശിവദാസ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 22-03-2021 |
| ശ്രീ. അനിൽകുമാർ ജി | അസിസ്റ്റന്റ് സെക്രട്ടറി | 23-03-2021 | 31-03-2021 |
| ശ്രീ. അനീഷ് കുമാർ ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി മിനി റ്റി ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജ്യോതിലക്ഷ്മി എസ് | കൃഷി ഓഫീസർ | 01-04-2020 | 18-02-2021 |
| ശ്രീമതി നസീറാ ബീഗം | കൃഷി ഓഫീസർ | 19-02-2021 | 28-02-2021 |
| ശ്രീമതി അമ്പിളി സി എം | കൃഷി ഓഫീസർ | 01-03-2021 | 31-03-2021 |
| ശ്രീമതി ഗീതാകുമാരി പി | പ്രധാനാദ്ധ്യാപിക | 01-04-2020 | 31-03-2021 |
| ഡോ. ഗ്രേസ് എം ജോർജ്ജ് | മെഡിക്കൽ സൂപ്രണ്ട് (സി.എച്ച്.സി) | 01-04-2020 | 08-06-2020 |
| ഡോ. സിമി എം റ്റി | മെഡിക്കൽ സൂപ്രണ്ട് (സി.എച്ച്.സി) | 09-06-2020 | 05-12-2020 |
| ഡോ. ഗ്രേസ് എം ജോർജ്ജ് | മെഡിക്കൽ സൂപ്രണ്ട് (സി.എച്ച്.സി) | 06-12-2020 | 31-03-2021 |
| ശ്രീമതി ബേനസീർ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. ഉല്ലാസ് എൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 14-12-2020 |
| ശ്രീ. സുരേഷ് കുമാർ ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 15-12-2020 | 31-03-2021 |
| ശ്രീമതി രജനി പി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2020 | 11-06-2020 |
| ശ്രീ. ഫിന്നി കെ രാജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 12-06-2020 | 30-09-2020 |
| ശ്രീ. റോബിൻ മാത്യു | വില്ലേജ് എക്സ്റ്റൻഷൻ | 01-10-2020 | 09-11-2020 |

| | | | |
|---|---|---|---|
| | ഓഫീസർ-1 | | |
| ശ്രീ. ബിനു ഡാർവിൻ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 10-11-2020 | 31-03-2021 |
| ശ്രീ. ഫിന്നി കെ രാജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2020 | 30-09-2020 |
| ശ്രീ. റോബിൻ മാത്യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-10-2020 | 29-10-2020 |
| ശ്രീ. ബിനു ഡാർവിൻ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 30-10-2020 | 31-03-2021 |
| ഡോ. ഗായത്രി ആർ എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Lekha Janardhanan (Senior Grade Auditor, On 27-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shyju Y (Senior Grade Auditor, On 23-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-5 |
| 7 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്<br>Written By: Arun S Nair (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-6 |
| 9 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Harikumar.S (Auditor, On 26-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-10 |
| 13 | സർക്കാർ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു<br>Written By: Harikumar.S (Auditor, On 26-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-11 |
| 14 | മൊബൈൽ ടവ്വറുകളുടെ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല<br>Written By: Harikumar.S (Auditor, On 26-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-10-2021) | 1-12 |
| 15 | ചട്ട പ്രകാരമുള്ള അനുമതിപത്രങ്ങളില്ല-വിനിയോഗ ഗണം മാറ്റി പെർമിറ്റ് അനുവദിച്ചു<br>Written By: Harikumar.S (Auditor, On 26-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-13 |
| 16 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 28-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-14 |
| 17 | ചട്ടം ലംഘിച്ച് കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു<br>Written By: Harikumar.S (Auditor, On 26-09-2021)<br>Last Updated By: Joe M James (Computer Assistant, On 11-10-2021) | 1-15 |
| 18 | മരാമത്ത് പ്രവൃത്തികൾ - കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ - സുതാര്യതയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-16 |

| | | |
|---|---|---|
| 19 | ഇടിഞ്ഞുവീഴാറായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചുമാറ്റിയില്ല<br>Written By: Shyju Y (Senior Grade Auditor, On 26-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 22-10-2021) | 1-17 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം - വൻതുക തനത് ഫണ്ടിൽ നിന്നും നഷ്ടമാകുന്നു<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-18 |
| 21 | ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനായി തുക അടവാക്കി- തുടർ പ്രവർത്തനങ്ങളില്ല<br>Written By: Shyju Y (Senior Grade Auditor, On 26-09-2021)<br>Last Updated By: Joe M James (Computer Assistant, On 11-10-2021) | 1-19 |
| 22 | കോന്നി നാരായണപുരം മാർക്കറ്റിലെ ഫിഷ് സ്റ്റാളുകളുടെ വൈദ്യുതി ചാർജ്ജ് - ഗ്രാമപഞ്ചായത്തിന് ബാധ്യത<br>Written By: Shyju Y (Senior Grade Auditor, On 26-09-2021)<br>Last Updated By: Joe M James (Computer Assistant, On 11-10-2021) | 1-20 |
| 23 | ശബരിമല ഇടത്താവളത്തിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ - പദ്ധതി നടപ്പിലായില്ല<br>Written By: Shyju Y (Senior Grade Auditor, On 26-09-2021)<br>Last Updated By: Joe M James (Computer Assistant, On 11-10-2021) | 1-21 |
| 24 | വിവിധ വാർഡുകളിലേക്ക് LED വാങ്ങി സ്ഥാപിക്കൽ- വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായി സ്ഥാപിച്ചില്ല<br>Written By: Shyju Y (Senior Grade Auditor, On 26-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-22 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 11-10-2021) | 1-23 |
| 26 | പൊതുമരാമത്ത് പ്രവൃത്തികൾ - നിർവ്വഹണത്തിൽ അപാകം<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-24 |
| 27 | മിനിമാസ്റ്റ് സ്ഥാപിക്കൽ- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി<br>Written By: Shyju Y (Senior Grade Auditor, On 26-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-25 |
| 28 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല<br>Written By: Arun S Nair (Asst. Audit Officer, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 22-10-2021) | 1-26 |
| 29 | വൃദ്ധർക്ക് കട്ടിൽ- വാങ്ങിയ കട്ടിലുകൾ പൂർണ്ണമായി വിതരണം ചെയ്തില്ല.<br>Written By: Harikumar.S (Auditor, On 26-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-10-2021) | 1-27 |
| 30 | ലൈഫ് ഭവന പദ്ധതി - അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 21-09-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 21-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Shyju Y (Senior Grade Auditor, On 25-09-2021)<br>Last Updated By: Shyju Y (Senior Grade Auditor, On 25-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 27-09-2021) | 4-3 |
| 4 | | 4-4 |

| | | |
|---|---|---|
| | വായ്പ<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 27-09-2021) | |
| 5 | സ്ഥിരനിക്ഷേപം<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 27-09-2021) | 4-5 |
| 6 | ആഡിറ്റ് റിക്കവറി<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: N Pradeep Kumar (Audit Officer (HG), On 28-09-2021)<br>Last Updated By: Joe M James (Computer Assistant, On 11-10-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N Pradeep Kumar (Audit Officer (HG), On 27-09-2021)<br>Last Updated By: Joe M James (Computer Assistant, On 12-10-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 12-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 21-10-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 27-3-2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 19-2-2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ B3- Capital Contribution ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവുകളായിട്ടാണ് ഷെഡ്യൂൾ I-6 - ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഗ്രാന്റ് തുകകൾ ഉപയോഗിച്ച് സൃഷ്ടിച്ച സ്ഥിര ആസ്തികൾ Capital Head -ൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

2) ഷെഡ്യൂൾ B4 - TSC ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ടി ഇനത്തിന് പ്രത്യേക ബാങ്ക് അക്കൗണ്ടില്ല. പ്രസ്തുത ഹെഡ്ഡിൽ അവശേഷിച്ചിരിക്കുന്ന തുകയുടെ കൃത്യത രേഖകളുടെ അഭാവത്തിൽ ബോധ്യപ്പെട്ടിട്ടില്ല. കൃത്യമായ ചെലവ് കാണിക്കാത്തതുമൂലം അവശേഷിച്ചിരിക്കുന്ന തുകയാണെങ്കിൽ ആയത് പരിശോധിച്ച് കൃത്യമായ ജേണൽ എൻട്രി നടത്തി അക്കൗണ്ട് കൃത്യമാക്കേണ്ടതാണ്.

3. എ) ഷെഡ്യൂൾ B4- Grants, Funds & Contributions For Specific Purpose ഇനത്തിൽ (Code No- 320200312) നീക്കിബാക്കിയായി കാണിച്ചിട്ടുള്ള 1346581 രൂപയുടെ നീക്കിബാക്കി ആർ.പി. പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

ബി) Grant From Suchitwa Mission ഇനത്തിൽ (Code No- 320200322) നീക്കിബാക്കിയായി കാണിച്ചിട്ടുള്ള 4010476 രൂപയുടെ മുൻവർഷത്തെ നീക്കിബാക്കി തൻവർഷത്തെ ആർ.പി. പ്രകാരമുള്ള നീക്കിബാക്കിയുമായി പൊരുത്തപ്പെടുന്നില്ല.

4) ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat & District Panchayat ഇനത്തിൽ (Code No-320700104,105,204,205) മുൻബാക്കിയായി കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ലായിരുന്നു. ആയതിനാൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ല. മുൻവർഷങ്ങളിലെ ടി ഇനത്തിലെ ലെഡ്ജറുകൾ പരിശോധിച്ച് Joint Venture ഹെഡ്ഡിലെ അപാകത പരിഹരിക്കേണ്ടതാണ്. കൂടാതെ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ടി ഹെഡ്ഡിൽ വരവായി കാണിച്ചിട്ടുണ്ടെങ്കിലും ചെലവിനത്തിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം അപാകതകൾ നിലനിൽക്കുന്നതിനാൽ നീക്കിബാക്കി തുക ജോയിന്റ് വെഞ്ചർ ട്രഷറി അക്കൗണ്ടിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5) ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat ഇനത്തിൽ (Code No- 320700304) മുൻ വർഷത്തെ തുക തന്നെയാണ് തൻവർഷത്തെയും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഇത് ഏത് ഇനത്തിൽ അവശേഷിക്കുന്ന തുകയാണെന്ന് വ്യക്തമല്ല. അപാകത പരിഹരിച്ച് ടി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

6) ഷെഡ്യൂൾ B4- Contribution For Joint Venture Projects- District Panchayat ഇനത്തിൽ (Code No- 320700205) മുൻ വർഷത്തെ തുക തന്നെയാണ് തൻവർഷത്തെയും നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഇത് ഏത് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയാണെന്ന് വ്യക്തമല്ല. അപാകത പരിഹരിച്ച് ടി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

7) ഷെഡ്യൂൾ B4- Benificiary Contribution ഇനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല. ടി ഇനത്തിൽ ലഭിച്ച തുക പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറിയെങ്കിലും കൃത്യമായ ജേണൽ എൻട്രി നടത്താത്തത് മൂലം വൻതുക നീക്കിബാക്കിയായി അവശേഷിച്ചിരിക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

8)ഷെഡ്യൂൾ B-5:- Secured Loans From Co -Operative Banks ഇനത്തിൽ 572022 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. എന്നാൽ തിരിച്ചടക്കാൻ അവശേഷിച്ചിരിക്കുന്ന തുക ബന്ധപ്പെട്ട രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

9)ഷെഡ്യൂൾ B-7:-Deposits Received ഇനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ല.

10) ഷെഡ്യൂൾ B-9:- Governmet And Other Dues Payable-VAT (Code No- 350300103) ഇനത്തിൽ മുൻവർഷത്തെ ബാധ്യത തന്നെ തൻവർഷവും കാണിച്ചിരിക്കുന്നു. ടി ഇനത്തിൽ തുക അടവാക്കി പ്രസ്തുത ഹെഡ്ഡ് ക്രമീകരിക്കേണ്ടതാണ്.

11)ഷെഡ്യൂൾ B-9:- Governmet And Other Dues Payable-Service Tax (Code No- 350300104) ഇനത്തിൽ 579200രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ടി ഇനത്തിൽ തുക അടവാക്കി പ്രസ്തുത ഹെഡ്ഡ് ക്രമീകരിക്കേണ്ടതാണ്.

12)ഷെഡ്യൂൾ B-9:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക ഇനങ്ങളിൽ അഡ്വാൻസായി പിരിച്ചെടുത്ത തുക രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഹെഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധനയിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

13) ഷെഡ്യൂൾ B-11(A):-Capital Work In Progree- Part Payment നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഹാജരാക്കാത്തതിനാൽ ടി തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

14) ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

15) ഷെഡ്യൂൾ B-18:- Advance To KWA, Advance To KSEB ,Advance To Othersവൻതുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റി പ്രസ്തുത ഷെഡ്യൂൾ ഇനങ്ങൾ കൃത്യമാക്കേണ്ടതാണ്.

16) ഷെഡ്യൂൾ I-3:- വാടക ഇനത്തിൽ ഡിമാന്റായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ വാടക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

17) ഷെഡ്യൂൾ I-14 (A):-NREGA ചെലവ് തുക- ഷെഡ്യൂൾ I-6 -ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

18) ഷെഡ്യൂൾ RP-7:- വികസന ഫണ്ട്, സി.എഫ്.സി ഗ്രാന്റ് , മെയിന്റനൻസ് ഗ്രാന്റ് ചെലവ് തുകകൾ സുലേഖയിലെ ചെലവുകളുമായോ ഗ്രാന്റ് ഷെഡ്യൂളിലെ ചെലവുകളുമായോ പൊരുത്തപ്പെടുന്നില്ല. (വിശദാംശങ്ങൾ ഖ 1-4-1 ആയി സൂചിപ്പിച്ചിട്ടുണ്ട് )

19) ഷെഡ്യൂൾ RP-29: പഞ്ചായത്ത് ദുരിതാശ്വാസ നിധി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിലെ വരവ്, ചെലവ് ,നീക്കിബാക്കി തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

20) ഷെഡ്യൂൾ RP-31: ജലനിധി വരവ്, ചെലവ് അക്കൗണ്ടുകളിൽ 617175 രൂപ അധികമായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

21) ഷെഡ്യൂൾ RP-43:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക എന്നീ ഇനങ്ങളിലെ വരവ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 54874351 |
| വരവ് | 123148921 |
| ആകെ | 178023272 |
| ചെലവ് | 134344165 |
| നീക്കിയിരിപ്പ് | 43679107 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പിൽ ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പിൽ ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 15037000 | 15037000 | 14171320 | 865680 | - | 865680 |
| വികസന ഫണ്ട് ( എസ്.സി.പി) | - | 9558000 | 9558000 | 8642708 | 915292 | - | 915292 |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | - | - | - | - | - | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | - | 6590000 | 6590000 | 1948900 | 4641100 | - | 4641100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( Un Tied) | - | 11848493 | 11848493 | 8018187 | 3830306 | | 3830306 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | - | 48900567 | 48900567 | 34839793 | 14060774 | | 14060774 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | - | 5393000 | 5393000 | 3126002 | 2266998 | | 2266998 |

സംസ്ഥാനാവിഷ്കൃതം (ഇനം തിരിച്ച്)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വിമുക്തി | 10540 | - | 10540 | 0 | 10540 |
| എസ്.എസ്.എ | 647306 | 17786 | 665092 | 0 | 665092 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എൻ.ആർ.ഇ.ജി.എസ് | 657795 | 34751411 | 35409206 | 35409206 | 0 |
| ഐ.സി.ഡി.എസ് | 714935 | 1063864 | 1778799 | 835505 | 943294 |
| റ്റി.എസ്.സി | 2582266 | 0 | 2582266 | 0 | 2582266 |
| മറ്റ് ഗ്രാന്റുകൾ (ഇനം തിരിച്ച്) | | | | | |
| ജലനിധി | 1493475 | 4882096 | 6375571 | 5356859 | 1018712 |
| | | | | | |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

2020-21 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗപത്രികകൾ തയ്യാറാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റിൽ വിവിധ ഇനങ്ങളിൽ സർക്കാർ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ളത്. ഇതുമൂലം വാർഷികധനകാര്യപത്രികയുമായി ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | വിഭാഗം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 15037000 | 12948008 | 2088992 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 1620600 രൂപ, ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 468392 രൂപ എന്നീ ഇനങ്ങളിലാണ് സോഴ്സ് ഡിഡക്ഷൻ നടത്തിയത്. പ്രസ്തുത തുകകൾ ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 9558000 | 9264824 | 293176 | ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 293176 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയിരുന്നു. പ്രസ്തുത തുക ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 3 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 5393000 | 5338452 | 54548 | വോട്ടിംഗ് മെഷീൻ- 54548 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |

2) വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ സർക്കാർ സ്രോതസ്സിൽനിന്ന് കുറവുചെയ്ത തുകയ്ക്ക് ആനുപാതികമായി പ്രോജക്ട് തയ്യാറാക്കുകയോ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് ഭാഗത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വിഭാഗം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 13924296 | 14171320 | 247024 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി വിഭാഗം)- 293176 രൂപ ജനറൽ വിഭാഗത്തിലെ ചെലവിലാണ് ഉൾപ്പെടുത്തിയത്. ടി ചെലവ് എസ്.സി.പി വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതിനാൽ ജനറൽ വിഭാഗത്തിൽ നിന്ന് ഒഴിവാക്കണം.<br>അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 540200രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ആനുപാതികമായി |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രോജക്ട് തയ്യാറാക്കുകയോ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 8349532 | 8642708 | 293176 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി വിഭാഗം)- 293176 രൂപ ജനറൽ വിഭാഗത്തിലെ ചെലവിലാണ് ഉൾപ്പെടുത്തിയത്. ടി ചെലവ് എസ്.സി.പി വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. |
| 2 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3071454 | 3126002 | 54548 | വോട്ടിംഗ് മെഷീൻ- 54548 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് ഗ്രാന്റ് ചെലവിൽ .ഉൾപ്പെടുത്തിയില്ല. പ്രസ്തുത തുകക്ക് ആനുപാതികമായി പ്രോജക്ട് തയ്യാറാക്കുകയോ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല |

3) വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകകളും ഗ്രാന്റ് വിനിയോഗപത്രികയിലെ ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | വിഭാഗം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വാർഷിക ധനകാര്യപത്രികയിലെ ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 13924296 | 14171320 | 12082328 | 2088992 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് - 468392 രൂപ അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 1620600രൂപ എന്നീ ജി.ഒ പ്രോജക്ടുകളിലെ ചെലവ് സാംഖ്യയിൽ ഉൾപ്പെട്ടിട്ടില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 8349532 | 8642708 | 8349532 | 293176 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി വിഭാഗം)- 293176 രൂപ യുടെ ചെലവ് സാംഖ്യയിൽ ഉൾപ്പെട്ടിട്ടില്ല. |
| 2 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3071454 | 3126002 | 3071454 | 54548 | വോട്ടിംഗ് മെഷീൻ- 54548 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് സാംഖ്യയിൽ ഉൾപ്പെട്ടിട്ടില്ല. |
| 3 | മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) | 34839793 | 34839793 | 37347716 | 2507923 | പ്രോ. 273- 151632 രൂപ<br>പ്രോ. 275- 255765 രൂപ<br>പ്രോ. 283- 411545 രൂപ<br>പ്രോ. 286- 84248 രൂപ<br>പ്രോ. 290- 156283 രൂപ<br>പ്രോ. 293- 272273 രൂപ<br>പ്രോ. 295- 261853രൂപ<br>പ്രോ. 297- 284417 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പ്രോ. 315- 404980 രൂപ<br>പ്രോ. 371- 224927രൂപ<br>എന്നീ ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 4 | സി.എഫ്.സി (TIED) | 1948900 | 1948900 | 1948900 | 0 | |
| 5 | സി.എഫ്.സി (UN TIED) | 8018187 | 8018187 | 8725783 | 707596 | പ്രോ. 275- 399840 രൂപ<br>പ്രോ. 276- 307756രൂപ<br>എന്നീ ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. |

4) സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വരവ്,ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 416 | 211188813 | 282 | 92094797 | 134 | 43.60 |

മുൻ വർഷങ്ങളിലേതുപോലെ പ്രോജക്ടുകളുടെ എണ്ണം വളരെ അധികമാണ്. വാർഡടിസ്ഥാനത്തിൽ പശ്ചാത്തല മേഖലയിലെ പ്രോജക്ടുകൾ (മരാമത്ത് പ്രവൃത്തികൾ) ആവിഷ്കരിക്കുന്നതാണ് ഇതിന്റെ പ്രധാന കാരണം. കൃത്യമായ ആസൂത്രണമില്ലായ്മയാണ് പ്രോജക്ടുകളുടെ നിർവ്വഹണം വർഷാവസാനം വരെ നീണ്ടു പോകാനും വലിയൊരു ശതമാനം പ്രോജക്ടുകൾ സ്പിൽ ഓവറാകാനുമുള്ള കാരണമാകുന്നത്. പഞ്ചായത്ത് ഭരണസമിതി ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. പരമ്പരാഗത പ്രോജക്ടുകളല്ലാതെ നൂതന പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

സ.ഉ(കൈ.) 11/2018/തസ്വഭവ തീയതി 29.1.2018 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധനകൾ പൂർണ്ണമായി പാലിച്ച്കൊണ്ടല്ല പ്രോജക്ടുകൾ ആവിഷ്കരിച്ചത് എന്ന് വ്യക്തമാണ്. ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകളാണ് ഉത്പാദന മേഖലയിലുണ്ടായിട്ടുള്ളത്. ഭക്ഷ്യധാന്യം, പച്ചക്കറി, പാൽ, മുട്ട എന്നവയിൽ സ്വയംപര്യാപ്തത നേടാൻ സഹായിക്കുന്ന പ്രോജക്ടുകളുടെ അഭാവം പ്രകടമാണ്. സുഭിക്ഷം കേരളം പദ്ധതിയുടെ ഭാഗമായി ഏതാനും പ്രോജക്ടുകൾ കൃഷി മേഖലയിലെ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ജൈവകൃഷി, കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല. കുടുംബശ്രീയുടെ നൈപുണ്യവികസനം, സംരംഭവികസനം എന്നീ പരിപാടികളുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടില്ല. ഊർജ്ജ മേഖലയിൽ ഏകദേശം 47 ലക്ഷം രൂപ ചെലവഴിച്ച് വിവിധ സ്ട്രീറ്റ് ലൈൻ നീട്ടൽ പ്രോജക്ടുകളും, എൽ.ഇ.ഡി ലൈറ്റുകളുടെ വാങ്ങലും സംരക്ഷണവും ഉൾപ്പടെയുള്ളവ നടപ്പിലാക്കിയിട്ടുണ്ട്. അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ട് നിന്നും തുകയൊന്നും വകയിരുത്താതിരുന്നത് ശരിയായ നടപടിയല്ല.

## 1-5-1 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 56 | 32 | 33427866 | 19134650 | 57.24 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 9 | 3683290 | 2400434 | 65.17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 274 | 179 | 71597515 | 45279872 | 63.24 |
| കൃഷി ഓഫീസർ | 17 | 15 | 4296570 | 3308245 | 76.99 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 13 | 10 | 58383392 | 5458200 | 9.34 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 8 | 6 | 21922280 | 5066420 | 23.11 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 5296300 | 4630305 | 87.42 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4 | 4 | 1444630 | 1242388 | 86.00 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 2 | 750000 | 650000 | 86.67 |
| വെറ്ററിനറി സർജൻ | 11 | 10 | 6043150 | 2408892 | 39.86 |
| പ്രധാനാദ്ധ്യാപിക, ജി.എൽ.പി.എസ് | 6 | 6 | 2146820 | 1762522 | 82.10 |
| ഡയറി ഫാം ഇൻസ്റ്റക്ടർ | 1 | 1 | 400000 | 400000 | 100.00 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1797000 | 269869 | 15.01 |
| | 416 | 282 | 211188813 | 92094797 | 43.60 |

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയിലും ആവിഷ്കരിച്ച പ്രോജക്ടുകളുടെ 68 ശതമാനം പ്രോജക്ടുകൾ നിർവ്വഹിക്കാൻ കഴിഞ്ഞത് പ്രശംസനീയമാണ്. മുൻ വർഷങ്ങളിലെ പോലെ തന്നെ അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി , വി.ഇ.ഒ. (1&2), വെറ്ററിനറി സർജൻ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ ചെലവുശതമാനം കുറവാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 179 പ്രോജക്ടുകളിൽ 74 എണ്ണവും സ്പിൽ ഓവറാണ്. സമയബന്ധതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ഭരണസമിതിയുടെ കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാകണമെന്ന് ശുപാർശ ചെയ്യുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 657795 | 851340 | 1509135 | 1509135 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 33843294 | 33843294 | 33843294 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 59000 | 59000 | 59000 | 0 |

## 1-7 സാമൂഹ്യസുരക്ഷാ പെൻഷനുകൾ

| ക്രമ നമ്പർ | പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 4432100 | 302 |
| 2 | മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 6041900 | 412 |
| 3 | വിധവാ പെൻഷൻ | 15844900 | 1064 |
| 4 | വാർദ്ധക്യകാല പെൻഷൻ | 45876100 | 3123 |
| 5 | അവിവാവിഹതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 377500 | 32 |
| 6 | തൊഴിൽരഹിത വേതനം | 32400 | 24 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2021 തീയതിയിൽ 11.00 AM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 170 (നൂറ്റി എഴുപത് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. പദ്ധതികൾക്ക് ഫലപ്രദമായ മോണിട്ടറിംഗ് ഇല്ല. ഉദാഹരണമായി, 2020-21 ലെ പദ്ധതിയിൽപ്പെടുത്തി ഡെപ്പോസിറ്റ് പ്രവൃത്തികൾ, എസ്.എസ്.എ എന്നിവക്കായി തുക ചെലവഴിച്ചെങ്കിലും ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിന് മോണിട്ടറിംഗ് ഉണ്ടായിട്ടില്ല. അഗതിരഹിത കേരളം പദ്ധതിയും മോണിട്ടറിംഗ് ഇല്ലാത്തതിനാൽ നിശ്ചലാവസ്ഥയിലാണ്.

2. തെരുവുവിളക്കുകൾ വാങ്ങുന്നതിന്റെയും സ്ഥാപിക്കുന്നതിനായി വിതരണം ചെയ്യുന്നതിന്റെയും വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും കഴിഞ്ഞ വർഷങ്ങളിൽ പുതുതായി സൃഷ്ടിച്ച ആസ്തികളുടെ വിവരം ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. തൊഴിൽ നികുതി, വാടക എന്നിവയുടെ രജിസ്റ്ററുകൾ കൃത്യമല്ല. വാർഷിക ഡി.സി.ബി കണക്കാക്കിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ പിരിവിന്റെ വിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ കുടിശ്ശികയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

5. ഡെപ്പോസിറ്റ് പ്രവൃത്തികളിന്മേൽ മോണിട്ടറിംഗ് നടത്തുന്നില്ല.

6. പ്രവർത്തിക്കുന്ന കുടിവെള്ള ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല.

7. സംയുക്ത പദ്ധതിവിഹിതം നിർദ്ദിഷ്ട പദ്ധതികൾക്ക് വിനിയോഗിക്കാതെ വകമാറ്റി ചെലവഴിച്ച് വരുന്നു.

8. വൌച്ചറുകളുടെയും പദ്ധതിഫയലുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

9. സ്വന്തം ആസ്തികളിൽത്തന്നെയോണോ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യുന്നത് എന്ന് ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.8.2021 മുതൽ 18.8.2021 വരെ | 1/2020 മുതൽ 3/2021 വരെ | 01.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.3.2014 മുതൽ 21.3.2014 വരെ | 2008-09 മുതൽ 2012-13 വരെ | വിവരം ലഭ്യമാക്കിയില്ല. |

## 1-11 സർക്കാർ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ വൻ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പല സർക്കാർ സ്ഥാപനങ്ങളും 2013-14 മുതലുള്ള വസ്തുനികുതി അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരങ്ങൾ | കുടിശ്ശിക കാലയളവ് | തുക (ലൈബ്രറി സെസ്, സർവ്വീസ് സെസ് എന്നിവ ഉൾപ്പെടെ) |
|---|---|---|---|
| 1 | 2/257, വില്ലേജ് ഓഫീസ്, കോന്നി താഴം | 2013-14 മുതൽ 2020-21 വരെ | 13144 |
| 2 | 16/1092A, താലൂക്ക് ഓഫീസ്, കോന്നി | 2013-14 മുതൽ 2020-21 വരെ | 1401800 |
| 3 | 17/205A, കോന്നി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് | 2018-19 മുതൽ 2020-21 വരെ | 39096 |
| 4 | 17/1007, വില്ലേജ് ഓഫീസ്, കോന്നി | 2013-14 മുതൽ 2020-21 വരെ | 28800 |
| 5 | 17/218C, ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി | 2013-14 മുതൽ 2020-21 വരെ | 54600 |
| 6 | 17/917A, ഡി.എഫ്.ഒ. ഓഫീസ്, മങ്ങാരം | 2013-14 മുതൽ 2020-21 വരെ | 1520 |
| 7 | 17/218D, ഡി.എഫ്.ഒ. ഓഫീസ്, മങ്ങാരം | 2013-14 മുതൽ 2020-21 വരെ | 9728 |
| 8 | 8/465, വില്ലേജ് ഓഫീസ്, ഐരവൺ | 2013-14 മുതൽ 2020-21 വരെ | 11200 |
| 9 | 11/48, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് | 2013-14 മുതൽ 2020-21 വരെ | 30000 |
| 10 | 11/49, സബ് ഇൻസ്പെക്ടർ ഓഫ് | 2013-14 മുതൽ 2020-21 | 26696 |

| | | | |
|---|---|---|---|
| | പോലീസ് | വരെ | |
| 11 | 11/47, സി.ഐ. ഓഫ് പോലീസ് | 2013-14 മുതൽ 2020-21 വരെ | 20168 |
| 12 | 12/146, ഡി.എഫ്.ഒ., കോന്നി | 2013-14 മുതൽ 2020-21 വരെ | 3472 |
| 13 | 12/147, ഡി.എഫ്.ഒ., കോന്നി | 2012-13 മുതൽ 2020-21 വരെ | 3397 |
| 14 | 11/83, ബി.എസ്.എൻ.എൽ | 2013-14 മുതൽ 2020-21 വരെ | 143888 |
| 15 | 11/183, ബി.എസ്.എൻ.എൽ | 2013-14 മുതൽ 2020-21 വരെ | 70400 |
| | ആകെ | | 1857909 |

വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/20.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി/ പ്രോസിക്യൂഷൻ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിലും സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. നിയമപരമായ തുടർനടപടികൾ സ്വീകരിച്ചും, വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയും സർക്കാർ കെട്ടിടങ്ങളുടെ വസ്തു നികുതി പൂർണ്ണമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവ്വറുകളുടെ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ബി.എസ്.എൻ.എൽ., ടാറ്റാ ടെലി സർവ്വീസ് മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. ബി.എസ്.എൻ.എൽ. 2013-14 വർഷം മുതലും ടാറ്റാ ടെലിസർവ്വീസ് 2019-20 മുതലുമുള്ള വസ്തുനികുതി ഒടുക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരങ്ങൾ | കുടിശ്ശിക കാലയളവ് | തുക (സർവ്വീസ് സെസ് 20%, ലൈബ്രറി സെസ് എന്നിവ ഉൾപ്പെടെ) |
|---|---|---|---|
| 1 | 18/217A, ബി.എസ്.എൻ.എൽ. ടവ്വർ | 2013-14 മുതൽ 2020-21 വരെ | 40104 |
| 2 | 11/183, ബി.എസ്.എൻ.എൽ. ടവ്വർ | 2013-14 മുതൽ 2020-21 വരെ | 70400 |
| 3 | 11/646, ടാറ്റാ ടെലിസർവ്വീസസ് | 2019-20-രണ്ടാം അർദ്ധവർഷം മുതൽ 2020-21 വരെ | 6810 |
| | ആകെ | | 117314 |

മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/20.09.2021) മറുപടി ലഭ്യമാക്കിയില്ല. നിയമപരമായ തുടർനടപടികൾ സ്വീകരിച്ച് മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-13 ചട്ട പ്രകാരമുള്ള അനുമതിപത്രങ്ങളില്ല-വിനിയോഗ ഗണം മാറ്റി പെർമിറ്റ് അനുവദിച്ചു

കോന്നി വില്ലേജിലെ 575/1-3-6-2, 581/1-5-7 എന്നീ സർവ്വേ നമ്പരുകളിലുള്ള 205 ച.മീ ഭൂമിയിൽ സാന്റ് ഫിൽട്രേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 205 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. തോമസ്സ് മത്തായി, ചെങ്കുളത്ത് വീട്ടിൽ, പയ്യനാമൺ എന്നയാൾക്ക് 21.10.2020-ൽ A1(4752)/2020 നമ്പരായി പെർമിറ്റ് നൽകിയിട്ടുണ്ട്. അപകട സാധ്യതയുള്ള (ഐ. ഗണം) ഗണത്തിൽപ്പെടുന്ന ടി കെട്ടിടത്തിന് കച്ചവട വാണിജ്യ കെട്ടിടങ്ങൾക്കുള്ള(എഫ്. ഗണം) പെർമിറ്റാണ് അനുവദിച്ചിട്ടുള്ളത്. ഐ. ഗണത്തിലുള്ള എല്ലാ വിഭാഗം കെട്ടിടങ്ങൾക്കും കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019) ചട്ടം 5((4)(12) പ്രകാരം ഫയർ & റസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കേണ്ടതായിട്ടുണ്ട്. അപകട സാധ്യതയുള്ള എല്ലാ കെട്ടിടങ്ങൾക്കും ചട്ടം 30 പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരവും ആവശ്യമാണ്. എന്നാൽ പ്രസ്തുത അനുമതിപത്രങ്ങളുടെ അഭാവത്തിലാണ് ടി കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. വിനിയോഗ ഗണം മാറ്റിയും ആവശ്യമായ അനുമതിപത്രങ്ങളില്ലാതെയും പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/24.09.21) അസിസ്റ്റന്റ് എൻജിനിയർ മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ ചട്ടലംഘനം

സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. l ഗണത്തിന് ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുവാൻ ഉടമസ്ഥന നോട്ടീസ് നൽകേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

ഡിമാന്റ് രജിസ്റ്റർ പ്രകാരം ചുവടെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട കാലയളവ് |
|---|---|---|
| 1 | മുളമൂട്ടിൽ ഫിനാൻസ്, അടൂമ്പംകുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | കെ എസ് ആർ ടി സി, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | ഇൻഡ്യൻ ബാങ്ക്, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | റീജിയണൽ കോ-ഓപ്പറേറ്റിവ് ബാങ്ക് നം 3833 | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | മുളമൂട്ടിൽ ഫിനാൻസ്, അട്ടച്ചാക്കൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | സപ്ളേ കോ - സൂപ്പർമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | എച്ച് ഡി എഫ് സി, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 8 | എൽ ഐ സി ഓഫ് ഇൻഡ്യ, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 9 | യുണൈറ്റഡ് ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 10 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 11 | മാവേലി സ്റ്റോർ, കോന്നി | ഒന്നും രണ്ടും അർദ്ധ വർഷം |
| 12 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, അതിരുംകൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| 13 | മുളമൂട്ടിൽ കൺസ്യൂമർ ക്രെഡിറ്റ്സ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 14 | എംപ്ളോയീസ് കോ ഓപ്പറേറ്റിവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധ വർഷം |

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. കുടിശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പിരിച്ചെടുത്ത തുകകളുടെ എല്ലാ വിവരവും രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽനികുതി ഒടുക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഒടുക്കാത്തവയിൽ നിന്ന് ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന ആരുംതന്നെ ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടച്ചിട്ടില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ തൊഴിൽനികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത വ്യക്തികളിൽനിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

3 .തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണം

തൊഴിൽ നികുതി രജിസ്റ്ററിൽ അർധവാർഷിക വരുമാനവിവരം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 261300 രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതും കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 ചട്ടം ലംഘിച്ച് കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു

കോന്നി വില്ലേജ് , ബ്ലോക്ക് നമ്പർ 33-ൽ സർവ്വേ നം. 112/7/6 -ലുള്ള 445ച.മീ ഭൂമിയിൽ 861 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യ (A1 & F) കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.എ.എം.ഗീവർഗ്ഗീസ്, ശ്രീമതി സാറാമ്മ ഗീവർഗ്ഗീസ് എന്നിവർക്ക് 25.08.2020-ൽ A1-5101/2020 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 261 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ തറ നിരപ്പ് നില വാണിജ്യാവശ്യത്തിനുള്ളതും, 283 ച.മീ വിസ്തീർണ്ണമുള്ള ഒന്നാം നിലയിൽ 143ച.മീ. വാണിജ്യാവശ്യത്തിനും 140 ച.മീ. പാർപ്പിടാവശ്യത്തിനുമുള്ളതാണ്. 283ച.മീ. വിസ്തീർണ്ണമുള്ള രണ്ടാം നില പൂർണ്ണമായും പാർപ്പിടാവശ്യത്തിനുമാണ്. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019) ചട്ടം 27(2) പട്ടിക 6 പ്രകാരം കാറ്റഗറി രണ്ട് ഗ്രാമ പഞ്ചായത്തുകളിലെ A1, F വിനിയോഗ ഗണങ്ങളിലുള്ള കെട്ടിടങ്ങൾക്ക് അനുവദനീയമായ പരമാവധി കവറേജ് 60 ശതമാനമാണ്. ആയത് പ്രകാരം 445 ച.മീ. വിസ്തീർണ്ണമുള്ള പ്ലോട്ടിൽ ഏതൊരു നിലയിലും നിർമ്മിക്കാൻ കഴിയുന്ന കെട്ടിടത്തിന്റെ പരമാവധി വിസ്തീർണ്ണം 267 ച.മീ. മാത്രമാണ്. എന്നാൽ ഒന്നും രണ്ടു നിലകളിലായി 283ച.മീ. വീതം കെട്ടിട നിർമ്മാണം നടത്തുന്നതിന് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

പാർപ്പിട-വാണിജ്യ ഗണങ്ങളിൽപ്പെടുന്ന ടി. കെട്ടിടത്തിൽ 9 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം കാണിച്ചിട്ടുണ്ട്. ആയതിൽ 7 കാറുകൾക്കും ഇരുചക്ര വാഹനങ്ങൾക്കുമുള്ള പാർക്കിംഗ് സെല്ലാർ നിലയിലാണ്. സെല്ലാർ നിലയിലെ പാർക്കിംഗ് ഏരിയയുടെ ആകെ വിസ്തീർണ്ണം 173 ച.മീ. മാത്രമാണ്. അവിടെ 7 കാറുകൾ സൗകര്യപ്രദമായി പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലലഭ്യതയില്ല. വാഹനങ്ങൾ തിരിക്കുന്നതിനും, പിന്നിൽ പാർക്ക് ചെയ്ത വാഹനങ്ങൾ മാറ്റാതെ മുന്നിൽ പാർക്ക് ചെയ്തവ തിരികെ ഇറക്കാനുമുള്ള ഡ്രൈവ് എവേ പാത്ത് ലഭ്യമല്ല. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019) ചട്ടം 29(4) പ്രകാരം തെരുവു വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിനും തെരുവിലേക്ക് വാഹനങ്ങൾ പ്രവേശിപ്പിക്കുന്നതിനുള്ള സൗകര്യവും ഡ്രൈവിംഗ് സ്ഥലവും ഇടനാഴികളും വാഹനങ്ങൾക്ക് തിരിക്കാൻ ആവശ്യമായ അധിക സ്ഥലവും ഉണ്ടായിരിക്കേണ്ടതാണ്. മോട്ടോർ കാറുകളുടെ പാർക്കിംഗിനുള്ള നിരകളുടെ വീതി 4മീറ്ററിൽ കുറയരുതെന്ന് ചട്ടം 29(4)(iii) ലും നിഷ്കർഷിച്ചിട്ടുണ്ട്.

അനുവദനീയമായ കവറേജിൽ അധികമായും പാർക്കിംഗ് സൗകര്യങ്ങൾ ഉറപ്പാക്കാതെയും കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/24.09.21) അസിസ്റ്റന്റ് എൻജിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ ചട്ടലംഘനം വകുപ്പുതലത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-16 മരാമത്ത് പ്രവൃത്തികൾ - കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ - സുതാര്യതയില്ല

എസ്റ്റിമേറ്റിൽ ജി.എസ്.ടി. ഉൾപ്പെടുത്തിയിട്ടില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ ജി.എസ്.ടി. ഇനത്തിൽ കരാറുകാർക്കുണ്ടായിട്ടുള്ള അധിക ബാദ്ധ്യത അവർക്ക് തിരികെ നൽകേണ്ടതുണ്ട് എന്ന് 27.11.2017 ലെ ഡി.ബി3-9058/17/CE/ തസ്വഭവ നമ്പർ ആയുള്ള സർക്കുലറിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ജി.എസ്.റ്റി കോമ്പൻസേഷൻ തിരികെ നൽകേണ്ട എല്ലാ പ്രവൃത്തികളുടെയും പേരും ജി.എസ്.റ്റി തുകയും ഉൾക്കൊള്ളുന്ന ഒരു ഒറ്റ പ്രോജക്റ്റ് തയ്യാറാക്കേണ്ടതും, കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരം ആണെന്ന് ഉറപ്പാക്കുന്നതിന്റെയും അടച്ച തുകയുടെ രേഖ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർ തുക കരാറുകാരന്റെ അക്കൌണ്ടിലേക്ക് നൽകേണ്ടതുമാണെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് ജി.എസ്.റ്റി ഒടുക്കുന്നത് സംബന്ധിച്ച് കരാറുകാർ ഓരോ വർഷവും ഒരു സെൽഫ് ഡിക്ലറേഷൻ ഫോം ജി.എസ്.റ്റി വകുപ്പിലും തദ്ദേശഭരണ സ്ഥാപനത്തിലും സമർപ്പിക്കേണ്ടതാണെന്ന് തുടർന്ന് 29.09.2018 ൽ സ.ഉ. (സാധാ) നമ്പർ 2532/2018/തസ്വഭവ ആയി പുറപ്പെടുവിച്ച ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ 2020-21 ൽ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയപ്പോൾ ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. ഓരോ പ്രവൃത്തിയുടെയും ബില്ലിൽത്തന്നെ ജി.എസ്.റ്റി കോമ്പൻസേഷൻ കൂടി ഉൾപ്പെടുത്തിയാണ് പ്രതിഫലം നൽകിയിട്ടുള്ളത്. ഗ്രാമപ്പഞ്ചായത്തിൽ നടപ്പാക്കിയ പ്രവൃത്തികൾക്ക് കരാറുകാർ ജി.എസ്.റ്റി അടച്ചതിന്റെയോ സെൽഫ് ഡിക്ലറേഷൻ സമർപ്പിച്ചതിന്റെയോ രേഖകൾ വാങ്ങി ബോദ്ധ്യപ്പെടാതെയാണ് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയിട്ടുള്ളത്. പ്രവൃത്തിമൂല്യത്തുക 2.5 ലക്ഷത്തിൽ കുറവ് ഉള്ള പ്രവൃത്തികൾക്ക് ബില്ലിൽ നിന്ന് TDS മുഖേന ജി.എസ്.റ്റി ഈടാക്കി ഒടുക്കേണ്ടാത്തതിനാൽ ഇത്തരം പ്രവൃത്തികളുടെ വിവരം ജി.എസ്.റ്റി വകുപ്പിന് ലഭിക്കുന്നില്ല എന്ന സാഹചര്യവുമുണ്ട്. മേൽസൂചിപ്പിച്ച അപാകം ഉള്ളതും പ്രവൃത്തിമൂല്യത്തുക 2.5 ലക്ഷത്തിൽ കുറവുള്ളതുമായ പ്രവൃത്തികൾ സംബന്ധിച്ച ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാറുകാരന്റെ പേര് | ആകെ പ്രവൃത്തിമൂല്യം (ടെൻഡർ ഡിഡക്ഷൻ കുറച്ച തുക) | ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയത് (12%) | ട്രഷറി ബിൽ നമ്പർ, തീയതി |
|---|---|---|---|---|---|
| 1 | ചാല്ലുംകരോട്ട്- | സി.വി.വർഗീസ് | 133639 | 16041 | 40/20.04.2020 |

| | | | | | |
|---|---|---|---|---|---|
| | കൊച്ചുപുത്തൻവീട് റോഡ് 200000 | | | | |
| 2 | വട്ടപ്പാറ വാകനിൽക്കുന്നതിൽ പടി റോഡ് 100000 | എസ്.റ്റി ഷാജികുമാർ | 79208 | 9505 | 38/20.04.2020 |
| 3 | പയ്യനാമൺ മച്ചിക്കാട് റോഡ് ഐറിഷ് ഡ്രെയിൻ 200000 | ഷൈജു കെ വർഗീസ് | 178317 | 21398 | 36/20.04.2020 |
| 4 | ചിറ്റൂർമുക്ക് പനംതോട്ടത്തിൽപ്പടി ഏട്പാത്ത് 150000 | മുഹമ്മദ് അനീസ് | 132519 | 15902 | 32/20.04.2020 |
| 5 | പിച്ചനാട്ട് പടി - അമ്പിളിസദനംപടി റോഡ് 200000 | ഷിജു കെ വർഗീസ് | 178554 | 21426 | 26/20.04.2020 |
| 6 | മന്മഥപുരം പാലനിൽക്കുന്നതിൽ റോഡ് കോൺക്രീറ്റിംഗ് 100000 | സാംസൺ ശാമുവേൽ | 88998 | 10679 | 37/20.04.2020 |
| 7 | ഓമണ്ണിൽപ്പടി പാറേതിൽപ്പടി ചേന്നാത്ത്പടി റോഡ് കോൺക്രീറ്റിംഗ് 98000 | ഷാജികുമാർ | 86632 | 10396 | 35/20.04.2020 |
| 8 | ആനക്കല്ല് റോഡ് കോൺക്രീറ്റിംഗ് 200000 | ഷിജു.കെ.വർഗീസ് | 172325 | 20679 | 30/ 11.4.20 |
| 9 | അളിയൻമുക്ക് - തുളസിക്കല്ല് റോഡ് മെയിന്റനൻസ് 200000 | ജയകൃഷ്ണപിള്ള | 178481 | 21417 | 28/ 2.3.2020 |
| 10 | കൊന്നപ്പാറ കാൽമ്മല ചേരിക്കൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ, കോൺക്രീറ്റിംഗ് 300000 | മുഹമ്മദ് അനീസ് | 243101 | 29172 | 27/ 11.4.2020 |
| 11 | തണ്ടാശ്ശേരി നടപ്പാത, സംരക്ഷണഭിത്തി 150000 | മുഹമ്മദ് അനീസ് | 134290 | 16115 | 68/ 11.8.2020 |
| 12 | പുതുവേലിപ്പടി വട്ടപ്പാറ റോഡ് കോൺക്രീറ്റിംഗ് 250000 | ബബലു ടോം സക്കറിയ | 222959 | 26755 | 67/ 10.8.2020 |

അപാകം സംബന്ധിച്ച് 25.9.2021 ൽ 18-ാം നമ്പരായി അസിസ്റ്റന്റ് എൻജിനിയർക്ക നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. കരാറുകാരൻ ജി.എസ്.റ്റി അടച്ചതിന്റെ രേഖകൾ വാങ്ങി ബോദ്ധ്യപ്പെട്ടശേഷം മാത്രം നടപ്പ് വർഷം മുതൽ ഇപ്രകാരം

ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തെ പ്രവൃത്തികളുടെ ജി.എസ്.റ്റി കരാറുകാർ ഒടുക്കിയതിന്റെ രേഖകളും വാങ്ങി ആയത് ഉറപ്പാക്കേണ്ടതാണ്.

## 1-17 ഇടിഞ്ഞുവീഴാറായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചുമാറ്റിയില്ല

കോന്നി ടൗണിൽ പുനലൂർ- മൂവാറ്റുപുഴ സംസ്ഥാനപാതയിലാണ് ഇടിഞ്ഞുവീഴാറായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. ഏകദേശം നാൽപ്പത് വർഷത്തോളം പഴക്കമുള്ള ഇരുനിലക്കെട്ടിടമാണിത്. അഞ്ച് വർഷം മുമ്പ് കെട്ടിടം അപകടാവസ്ഥയിലാണെന്ന് അസ്സിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി)റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ വാടകക്കാരെ നാല് വർഷം മുൻപ് തന്നെ പൂർണ്ണമായും ഒഴിപ്പിച്ചുവെങ്കിലും കെട്ടിടം ഇനിയും പൊളിച്ചുമാറ്റിയിട്ടില്ല.



നാരായണിപുരം മാർക്കറ്റിൽ മെയിൻ റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ടി കെട്ടിടം കാലപ്പഴക്കം മൂലം അപകടസ്ഥിതിയിലാണെന്നും രണ്ടാം നിലയിലെ കോൺക്രീറ്റുകൾ അടർന്നുവീഴുകയാണെന്നുമുള്ള പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഫിറ്റ്നസ് സംബന്ധമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കണമെന്ന് 06-04-2015-ൽ കോന്നി താലൂക്ക് തഹസീൽദാർ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി അസ്സി. എഞ്ചിനീയർ പരിശോധന നടത്തി കെട്ടിടം അപകടാവസ്ഥയിലാണെന്നും പൊളിച്ചുമാറ്റണമെന്നും 27-06-2015-ൽ ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് നൽകി. 07-07-2015-ലെ Iv(5)-ാം നമ്പർ തീരുമാന പ്രകാരം കെട്ടിടം പൊളിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു.

കെട്ടിടം പൊളിച്ചുമാറ്റുന്നതിന് 01-03-2016-ലെ SR-18/AEE/KNI നമ്പർ കത്ത് പ്രകാരം കോന്നി ബ്ലോക്ക് അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 60015 രൂപയുടെ വാല്യുവേഷൻ നിശ്ചയിച്ച് നൽകി. ടി വാല്യുവേഷൻ 02-03-2016-ലെ ഭരണസമിതി യോഗം അംഗീകരിക്കുകയും കെട്ടിടം പൊളിച്ചുമാറ്റുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് നൽകിയ വാല്യുവേഷൻ അംഗീകരിച്ച് കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റുന്നതിന് 04-12-2016-ൽ പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭിക്കുകയും ചെയ്തു. ഇപ്രകാരം 2016-ൽ തന്നെ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുവെങ്കിലും കെട്ടിടം ഇനിയും പൊളിച്ചുമാറ്റിയിട്ടില്ല.

കെട്ടിടം പൂർണ്ണമായും അപകടാവസ്ഥയിലാണെങ്കിലും കെട്ടിടത്തിന് മുൻവശത്ത് അഞ്ചോളം കച്ചവടക്കാർ ഇപ്പോഴും കച്ചവടം നടത്തുന്നുണ്ട്. കൂടാതെ ധാരാളം വഴിയാത്രക്കാരും വാഹനങ്ങളും കടന്നുപോകുന്ന പ്രധാന പാതയോട് ചേർന്നാണ് ടി കെട്ടിടം സ്ഥിതി ചെയ്യുന്നത് എന്നതിനാൽ ഇത് ജനങ്ങളുടെ ജീവനും സ്വത്തിനും വലിയ ഭീഷണിയാണ്. ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചുമാറ്റാത്തത് സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നമ്പർ-2/09-09-2021)ക്ക് ലഭ്യമാക്കിയ മറുപടിയിൽ, സബ്ട്രഷറിയുടെ സ്ട്രോങ്ങ് റൂം പൊളിച്ചുമാറ്റുന്നതിന് കാലതാമസം എടുത്തുവെന്നും ( സബ്ബ് ട്രഷറി ഓഫീസ് മാറ്റിയെങ്കിലും അവരുടെ സ്ട്രോങ്ങ് റൂം പൊളിച്ചുമാറ്റിയിരുന്നില്ല. ആയത് നിലവിൽ പൊളിച്ചുമാറ്റിയിട്ടുണ്ട്) 2016-ൽ ലഭിച്ച 60015രൂപയുടെ വാല്യുവേഷൻ അനുസരിച്ച് ലേലം ചെയ്യുന്നതിനേക്കാൾ പുതിയ വാല്യുവേഷനും സർവ്വെറിപ്പോർട്ടും തയ്യാറാക്കി അനുമതി വാങ്ങി ലേലം ചെയ്യുന്നതാണ് അഭികാമ്യം എന്നുമുള്ള അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സർവ്വെ റിപ്പോർട്ടും വാല്യുവേഷനും തയ്യാറാക്കുകയും ( 7118 രൂപയുടേത്) ടി തുക ഭരണസമിതിയുടെ 20-02-2021-ലെ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു.

കോന്നിയുടെ ഏറ്റവും വ്യാപാര പ്രാധാന്യമുള്ള സ്ഥലത്താണ് ടി കെട്ടിടം എന്നുള്ളതിനാൽ ഇത് പൊളിച്ചുമാറ്റിയിരുന്നുവെങ്കിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ഗ്രാമപഞ്ചായത്തിന് ഇവിടെ നിർമ്മിക്കുവാനും ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം ഇവിടേക്ക് കൊണ്ടുവരുന്നതിനും സാധിക്കുമായിരുന്നു. ഗ്രാമപഞ്ചായത്ത് ഓഫീസ് ഇവിടേക്ക് മാറ്റുമ്പോൾ നിലവിൽ കെട്ടിടമില്ലാത്ത കൃഷി ഓഫീസിന് ഉപയോഗിക്കുവാനും കഴിയും. ഗ്രാമപഞ്ചായത്ത് വക ഒരു ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം കോന്നി ടൗണിൽ എത്തുന്നതോടെ കോന്നിയുടെ മുഖച്ഛായ തന്നെ മാറുകയും ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങൾ വരുമാനം ഉണ്ടാകുന്നതിനുള്ള മാർഗ്ഗം ഉണ്ടാവുകയും ചെയ്യും. കെട്ടിടം പൊളിച്ചുമാറ്റാത്തത് മൂലം ഗ്രാമപഞ്ചായത്തിന് വിലപ്പെട്ട നാല് വർഷങ്ങളും വാടകയിനത്തിൽ

ലഭിക്കുമായിരുന്ന ലക്ഷക്കണക്കിന് രൂപയുമാണ് നഷ്ടമായത്. ഗ്രാമപഞ്ചായത്തിന്റെയും നാടിന്റെയും ഭാവി മുന്നിൽക്കണ്ട് കോന്നിയിൽ ഒരു പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പൊതുടാപ്പുകളുടെ വെള്ളക്കരം - വൻതുക തനത് ഫണ്ടിൽ നിന്നും നഷ്ടമാകുന്നു

ഓഡിറ്റ് വർഷത്തിൽ 1780625 രൂപയാണ് 370 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ (പ്രതിമാസം 161875 രൂപ) അടവാക്കിയത്. ഇപ്രകാരം വൻതുക വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് അടവാക്കുന്നുണ്ടെങ്കിലും പൊതുടാപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് സംയുക്ത പരിശോധന നടത്തിയിട്ടില്ല. വർഷങ്ങളായി 370 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഗ്രാമപഞ്ചായത്ത് അടവാക്കുന്നത്. വൻതുക വെള്ളക്കരമടക്കുന്നത് സംബന്ധിച്ചും സംയുക്ത പരിശോധന നടത്താത്തതിനെക്കുറിച്ചും 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിന് 27-10-2018-ലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനമെടുക്കുകയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി 12-12-2018 ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുകയും ചെയ്തു. എന്നാൽ വാട്ടർ അതോറിറ്റിയുടെ ഭാഗത്തു നിന്നും യാതൊരുവിധ തുടർനടപടികളും ഉണ്ടായില്ല. പിന്നീട് ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചില്ല. സർക്കാരിന്റെ 13-06-2018- ലെ എഫ്.എം.3/247/2019 -ാം നമ്പർ കത്ത് പ്രകാരം ഓരോ പഞ്ചായത്തിലും പഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റിയുടെ പ്രതിനിധി, പഞ്ചായത്തിലെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സമഗ്ര പരിശോധന നടത്തേണ്ടതാണെന്നും, ഉപയോഗശൂന്യമായ ടാപ്പുകൾ കണ്ടെത്തി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി അധികൃതർ സ്വീകരിക്കേണ്ടതാണെന്നും തുടർനടപടികൾ സ്വീകരിക്കാത്തപക്ഷം വിവരം സർക്കാരിനെ അറിയിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചില്ല. നിലവിലും കുടിവെള്ളക്കരമിനത്തിൽ തനത് ഫണ്ടിനത്തിൽ മാസം തോറും വൻതുക നഷ്ടമാകുന്ന സാഹചര്യത്തിൽ അടിയന്തിരമായി ഭരണസമിതി സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനായി തുക അടവാക്കി- തുടർ പ്രവർത്തനങ്ങളില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ABC പ്രോഗ്രാം-കുടുംബശ്രീ മിഷന് തുക നൽകൽ (06/21) |
| വകയിരുത്തിയ തുക | വികസന ഫണ്ട്- 105000 രൂപ |
| ചെലവഴിച്ച തുക | 105000 രൂപ |
| ബിൽ നമ്പരും തീയതിയും | ബിൽ നം- 18 തീയതി 02-10-2021 |
| തുക അടവാക്കിയത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണത്തിനായി ജില്ലാ കുടുംബശ്രീ മിഷനും മൃഗസംരക്ഷണ വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന ABC പ്രോഗ്രാം എന്ന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും 2020-21 സാമ്പത്തിക വർഷം 105000 രൂപ ABC പ്രോഗ്രാം ജില്ലാ മിഷൻ കോർഡിനേറ്റർക്ക് കൈമാറിയിരുന്നു. തുക ഡെപ്പോസിറ്റ് ചെയ്തതല്ലാതെ ജില്ലാ കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ യാതൊരുവിധ പദ്ധതി പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തിൽ നടന്നില്ല. പദ്ധതി പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നമ്പർ- 11/21 തീയതി 23-09-2021) മറുപടി ലഭിച്ചില്ല. പദ്ധതി പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കാത്ത സാഹചര്യത്തിൽ നിർവ്വഹണ സ്ഥാപനത്തിന് നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 കോന്നി നാരായണപുരം മാർക്കറ്റിലെ ഫിഷ് സ്റ്റാളുകളുടെ വൈദ്യുതി ചാർജ്ജ് - ഗ്രാമപഞ്ചായത്തിന് ബാധ്യത

കോന്നി നാരായണപുരം മാർക്കറ്റിലെ ഫിഷ് സ്റ്റാളിന് രണ്ട് കൺസ്യൂമർ നമ്പരുകളാണുള്ളത്. (കൺസ്യൂമർ നമ്പർ- 1146021030388,1146029030339). ടി കൺസ്യൂമർ നമ്പരുകളുടെ കറന്റ് ചാർജ്ജ് കുടിശ്ശികയിനത്തിൽ ഓഗസ്റ്റ് 2021 വരെ 88363 രൂപ അടവാക്കാനുണ്ട്. 2020 ഫെബ്രുവരിക്ക് ശേഷം കറന്റ് ചാർജ്ജ് അടവാക്കിയില്ല. വാടകക്കാരിൽനിന്ന് വാടക, കറന്റ് ചാർജ്ജ് എന്നിവ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് റവന്യു റിക്കവറി നടപടികൾ ആരംഭിച്ചുവെങ്കിലും വാടകക്കാരിൽ ഒരാൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് തുടർനടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

മാർക്കറ്റിലെ ഫിഷ് സ്റ്റാളുകൾ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിൽ ഏതു സാഹചര്യത്തിലാണ് കറന്റ് ചാർജ്ജ് അടവാക്കിയത് എന്ന അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (8/16.09.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ മാർക്കറ്റിലെ ഫിഷ് സ്റ്റാളുകൾ പൂട്ടിയിട്ടിരിക്കുന്നതും വ്യാപാരികൾ ഫിഷ് സ്റ്റാളിന് പുറത്ത് കച്ചവടം ചെയ്യുന്നതുമാണ് കണ്ടത്. വഴിയോര മൽസ്യ കച്ചവടം വ്യാപകമായതിനാൽ പൊതുജനങ്ങൾ മാർക്കറ്റിലേക്ക് വരുന്നില്ലായെന്നും വ്യാപാരമില്ലാത്തതിനാൽ ഫിഷ് സ്റ്റാളുകൾ വാടക നൽകി

ഉപയോഗിക്കാൻ കഴിയില്ലായെന്നമാണ് വ്യാപാരികളിൽ നിന്നം അറിഞ്ഞത്. ലക്ഷങ്ങൾ മുടക്കി പണിത ഫിഷ് സ്റ്റാളുകൾ പൂട്ടിയിട്ട് വ്യാപാരികൾ പുറത്ത് കച്ചവടം ചെയ്യുന്ന കാഴ്ച തീർത്തും ഖേദകരമാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതും കറന്റ് ചാർജ്ജ് കുടിശ്ശിക അടവാക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് കറന്റ് ചാർജ് അടവാക്കുകയാണെങ്കിൽ ആയത് വ്യാപാരികളിൽനിന്ന് ഈടാക്കേണ്ടതാണ്.

## 1-21 ശബരിമല ഇടത്താവളത്തിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ - പദ്ധതി നടപ്പിലായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശബരിമല ഇടത്താവളത്തിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ (245/21) |
| വകയിരുത്തിയ തുക | 300000 രൂപ- ശബരിമല സ്പെഷ്യൽ ഗ്രാന്റ് |
| ചെലവഴിച്ച തുക | 125000 രൂപ |
| ചെക്ക് നമ്പരും തീയതിയും | 5561364 തീയതി 29-03-2021 |
| തുക അടവാക്കിയത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

കോന്നി മുരിങ്ങമംഗലം ശബരിമല ഇടത്താവളത്തിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 125000 രൂപ മുകളിൽ പറഞ്ഞ പ്രകാരം ജനറൽ മാനേജർ, കേരള ഇലക്ട്രിക്കൽസ് & അലൈഡ് എൻജിനീയറിംഗ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകി. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ മിനിമാസ്റ്റ് സ്ഥാപിച്ചതായി കണ്ടില്ല. ടി വിഷയത്തിൽ അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 15/21 തീയതി 26-09-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർവഹണസ്ഥാപനത്തിന് മുൻകൂർ തുക നൽകിയത് ക്രമവിരുദ്ധമാണ്. ധനവകുപ്പിന്റെ 12.04.2006 ലെ ജി.ഒ.(പി) 177/06/ഫിൻ പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്ഥാപനത്തിന് തുക അഡ്വാൻസായി നൽകിയ നടപടി ശരിയല്ല.

നിർവ്വഹണ സ്ഥാപനം പദ്ധതി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ മിനി മാസ്റ്റ് സ്ഥാപിക്കുന്നതിനായി നൽകിയ 125000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അടിയന്തിരമായി പദ്ധതി പൂർത്തീകരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 വിവിധ വാർഡുകളിലേക്ക് LED വാങ്ങി സ്ഥാപിക്കൽ- വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായി സ്ഥാപിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിവിധ വാർഡുകളിലേക്ക് LED വാങ്ങി സ്ഥാപിക്കൽ(246/21) |
| വകയിരുത്തിയ തുക | സി.എഫ്.സി- 805950 രൂപ<br>തനത് ഫണ്ട് - 97571 രൂപ<br>ആകെ - 903521 രൂപ |
| ചെലവഴിച്ച തുക | സി.എഫ്.സി- 805950 രൂപ |
| ബിൽ നമ്പരും തീയതിയും | ബിൽ നം-38 തീയതി 02-02-2021 |
| തുക അടവാക്കിയത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ഭരണസമിതിയുടെ 20-01-2021-ലെ 1(18)-ാം നമ്പർ തീരുമാന പ്രകാരം വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടി കൂടാതെ 1350 എൽ.ഇ.ഡി ബൾബുകളും (20W) അനുബന്ധ ഉപകരണങ്ങളും കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനായി തീരുമാനിച്ചു. ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെ 597 രൂപയായിരുന്നു യൂണിറ്റ് കോസ്റ്റ്. ഇത് പ്രകാരം 1350 എൽ.ഇ.ഡി ബൾബുകൾക്ക് 597 രൂപ നിരക്കിൽ (12% ജി.എസ്.ടി ഉൾപ്പെടെ) 805950 രൂപയായിരുന്നു പദ്ധതി ചെലവ്. ഹാജരാക്കിയ പ്രോജക്ട് ഫയൽ പ്രകാരം തെരുവ് വിളക്കുകൾ ഓരോ വാർഡിലും സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിലെ വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്.

| വാർഡ് നമ്പർ | എണ്ണം |
|---|---|
| 1 | 60 |
| 2 | 55 |
| 3 | 40 |
| 4 | 40 |
| 5 | 50 |
| 6 | 45 |

| | |
|---|---|
| 7 | 40 |
| 8 | 40 |
| 9 | 40 |
| 10 | 61 |
| 11 | 40 |
| 12 | 50 |
| 13 | 40 |
| 14 | 40 |
| 15 | 50 |
| 16 | 40 |
| 17 | 53 |
| 18 | 50 |
| ആകെ | 834 |

പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് എന്ന സ്ഥാപനം തന്നെയാണ് എൽ .ഇ.ഡി ബൾബുകളുടെ ഇൻസ്റ്റലേഷൻ നടത്തിയത്. എന്നാൽ ഓരോ വാർഡിലും എത്ര വീതം ബൾബുകളാണ് സ്ഥാപിച്ചതെന്ന് ടി സ്ഥാപനം സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 1350 ബൾബുകൾ വാങ്ങിയതിൽ 834 എണ്ണം മാത്രമാണ് സ്ഥാപിച്ചത്. 516 എണ്ണം സ്ഥാപിച്ചതിന് രേഖകളില്ല.

2) ബിൽ പ്രകാരമുള്ള 1350 എൽ.ഇ.ഡി ബൾബുകളിൽ 516 എണ്ണം സ്ഥാപിക്കുകയോ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

3) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞിട്ടുള്ള അപാകതകൾ പരാമർശിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ- 12/21 തീയതി 23-09-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. വാങ്ങിയ എൽ.ഇ.ഡി ബൾബുകളിൽ 516 എണ്ണം സ്ഥാപിക്കാത്തതിനാൽ അവയുടെ വിലയായ 308052 രൂപ (597x546) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തെരുവുവിളക്കുകൾ പൂർണ്ണമായി സ്ഥാപിച്ച് സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കിയശേഷം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തടസ്സവാദം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-23 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 4126684 രൂപ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ 2020-21 സാമ്പത്തികവർഷം ഡെപ്പോസിറ്റ് ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ ചെക്ക് നം | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (226/21) | ബിൽ നം-28 /Dtd 30-11-2020- | 1647000 |
| കെ.എസ്.ഇ.ബി കോന്നി | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (5/21) | ബിൽ നം-45 /Dtd 20-03-2021 | 573952 |
| കെ.എസ്.ഇ.ബി കോന്നി | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ(264/21) | ബിൽ നം-22 /Dtd 23-11-2020-1336256 രൂപ,<br>ബിൽ നം-26 /Dtd 27-11-2020-66234 രൂപ | 1402490 |
| കെ.എസ്.ഇ.ബി കോന്നി | വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (411/21) | ചെക്ക് നം-2541728/ 16-07-2020 | 392331 |
| കെ.എസ്.ഇ.ബി കോന്നി | അംഗൻവാടി വൈദ്യുതീകരണം (422/21) | ബിൽ നം-51/Dtd 29-03-2021 | 110911 |
| | **ആകെ** | | 4126684 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രവൃത്തികൾ എഗ്രിമെന്റ് പ്രകാരം 2021 മാർച്ച് 31-നകം പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ഓഡിറ്റ് സമയത്തും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 പൊതുമരാമത്ത് പ്രവൃത്തികൾ - നിർവ്വഹണത്തിൽ അപാകം

2019-20, 2020-21 വർഷങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർമ്മാണപ്രവൃത്തികളുടെ പ്രോജക്ടുകളിൽ ആസ്തികളുടെ യുണീക് നമ്പർ ചേർക്കുന്നില്ല. ചെയ്യുന്ന പ്രവൃത്തികൾ ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെട്ടതാണെന്ന് ഉറപ്പ് വരുത്തുന്നതിന് സുതാര്യമായ സംവിധാനമില്ല.

2. ഒരു പ്രവൃത്തിയുടെ ഫയലിലും സൈറ്റ് പ്ലാൻ ഉൾപ്പെടുത്തിയിട്ടില്ല.

3. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ച് നൽകി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന രീതി തുടർന്ന് വരുന്നു. റോഡിന്റെ എത്ര ഭാഗം ആണ് ഗതാഗത യോഗ്യമാക്കേണ്ടത് എന്നും അതിൽ ഏത് ഭാഗം ഏറ്റെടുക്കുന്നു എന്നും ഉള്ള വിവരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല. ഏറ്റെടുക്കുന്ന റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നു എന്ന് ഭരണാനുമതി നൽകുന്ന വേളയിൽ പഞ്ചായത്ത് കമ്മിറ്റി ഉറപ്പാക്കുന്നില്ല.

4.അഞ്ച് ലക്ഷത്തിൽ കുറവ് അടങ്കലുള്ള എല്ലാ പ്രവൃത്തികളും മാനുവൽ ടെണ്ടർ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്. ലഭിക്കുന്ന ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല. ഇ-ടെണ്ടർ ക്ഷണിക്കുന്നത് വഴി ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലഭിക്കുന്നതിനും കൂടുതൽ പ്രവൃത്തികൾ നടപ്പാക്കുന്നതിനും സഹായകമാകും. ആയതിനാൽ എല്ലാ പ്രവൃത്തികളും ഇ-ടെണ്ടറിലൂടെ നടപ്പാക്കേണ്ടതാണ്.

5. മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാപ്പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് നാളിതുവരെ ട്രാൻസ്ഫർ ചെയ്ത തുകകളുടെ കൃത്യമായ വിവരം സൂക്ഷിക്കുന്നില്ല. ടി തുകയിൽ ഒരു രൂപ പോലും തിരികെ വാങ്ങി തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

6. തദ്ദേശഭരണ സ്ഥാപനങ്ങൾ റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണമെന്ന് 29.1.2018 ലെ സ.ഉ.(കൈ)11/2018/തസ്വഭവ നമ്പർ ആയുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 മിനിമാസ്റ്റ് സ്ഥാപിക്കൽ- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മിനി മാസ്റ്റ് സ്ഥാപിക്കുന്നതിനായുള്ള പ്രോജക്ട് 2020-21സാമ്പത്തിക വർഷത്തിൽ 2750000 രൂപ ചെലവഴിച്ച് നടപ്പിലാക്കി. കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനിയറിംഗ് ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനമാണ് ഗ്രാമപഞ്ചായത്തിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചത്. ഭരണസമിതിയുടെ 24-08-2020 -ലെ 1(3) -ാം നമ്പർ തീരുമാന പ്രകാരമാണ് പ്രസ്തുത സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചത്. 22 ലൈറ്റുകൾക്കായി 1.25 ലക്ഷം രൂപ വച്ച് ആകെ 27.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | മിനി മാസ്റ്റ് സ്ഥാപിക്കൽ (179/21) |
| ഫണ്ടിനം | വികസന ഫണ്ട് 494650 രൂപ<br>സി.എഫ്.സി ഗ്രാന്റ് - 28669 രൂപ<br>തനത് ഫണ്ട് - 466681രൂപ<br>ബ്ലോക്ക് വിഹിതം - 1760000 രൂപ<br>ആകെ – 2750000 രൂപ |
| ചെലവഴിച്ച തുക | വികസന ഫണ്ട് -494650 രൂപ (ബിൽ നം - 35/09-03-2021)<br>സി.എഫ്.സി ഗ്രാന്റ് - 28669 രൂപ (ബിൽ നം - 35/09-03-2021)<br>തനത് ഫണ്ട് - 241681രൂപ<br>(76681 രൂപ- ചെക്ക് നം- 5561340/10-02-2021)<br>(165000 രൂപ - ചെക്ക് നം- 5564852/21-03-2021<br>ബ്ലോക്ക് വിഹിതം - 1735000 രൂപ<br>(1000000 രൂപ - ബിൽ നം - 24/27-11-2020) |

| | |
|---|---|
| | (300000 രൂപ - ബിൽ നം - 37/13-03-2021)<br>(350000 രൂപ - ബിൽ നം - 46/20-03-2021)<br>(85000 രൂപ - ബിൽ നം - 34/3-03-2021)<br>ആകെ 2750000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

മിനിമാസ്റ്റ് ലൈറ്റിന്റെ ഇൻസ്റ്റലേഷൻ ഉൾപ്പെടെ 125000 രൂപയായിരുന്നു യൂണിറ്റ് കോസ്റ്റ്. 6mtr Octagonal Pole Including Foundation And Erecting With 3x100 W LED Lights ആയിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.

പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണവുമായി ചുവടെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിർവ്വഹണ സ്ഥാപനത്തിന്റെ മാനേജർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പിട്ട ഒരു എഗ്രിമെന്റ് കണ്ടു. എന്നാൽ എഗ്രിമെന്റിൽ കരാർനമ്പർ,തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 3 വർഷത്തെ വാറന്റിയാണ് ടി കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാർ തീയതി രേഖപ്പെടുത്താത്ത സാഹചര്യത്തിൽ വാറന്റി കാലയളവ് എന്നു മുതൽ എന്നു വരെയെന്ന് വ്യക്തമല്ല.

2) ജി.ഒ(പി) 77/2019 ഫിൻ. തീയതി: 04-07-2019 പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനിയറിംഗ് ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനത്തെ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി (PMC) മാത്രമാണ് നിയമിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ സാങ്കേതി ആവശ്യകത, രൂപകൽപ്പനയുടെ മികവ്, നിരക്കുകളുടെ യുക്തിഭദ്രത, സാമഗ്രികളുടെ പര്യാപ്തത, ഘടനാപരമായ സ്ഥിരത എന്നിവയുടെ പാലനം ഉറപ്പാക്കുന്നതിനുവേണ്ടി നിയോഗിക്കുന്ന ഏജൻസി മാത്രമാണ് ഒരു PMC. എന്നാൽ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി മാത്രമായ പ്രസ്തുത സ്ഥാപനത്തെ നിർവ്വഹണ ചുമതല ഏൽപ്പിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. കെൽ എന്ന സ്ഥാപനത്തിന് സെന്റേജ് ചാർജിനു മാത്രമാണ് അർഹതയുള്ളത്.

3) സ.ഉ (എം.എസ്)നം- 13/215/ ഐ.റ്റി.ഡി തീയതി 12-05-2015 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ- പ്രൊക്വർമെന്റ് നിർബന്ധമാക്കിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ഇ-ടെണ്ടർ ഒഴിവാക്കി PMC മാത്രമുള്ള ഒരു സ്ഥാപനത്തിൽ നിന്ന് മിനി മാസ്റ്റ് ലൈറ്റുകളുടെ വാങ്ങൽ നടത്തിയിട്ടുള്ളത്.

4) ഗ്രാമപഞ്ചായത്ത് സ്ഥാപനവുമായി യൂണിറ്റ് കോസ്റ്റിന്റെ കാര്യത്തിൽ ഒരു നെഗോസിയേഷൻ നടത്തിയില്ല. സ്ഥാപനം സമർപ്പിച്ച 125000 രൂപയുടെ യൂണിറ്റ് കോസ്റ്റ് ഭരണസമിതി അംഗീകരിക്കുകയായിരുന്നു.

5) മിനിമാസ്ററ് ലൈറ്റുകൾ ഗ്രാമപഞ്ചായത്തിന്റെ 18 വാർഡുകളിലായി 22 സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ നിന്നും മനസ്സിലാകുന്നു. എന്നാൽ ടി വിവരം ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് സംബന്ധമായ ഒരു സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

6) പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ- 5/21 തീയതി 20-09-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ നടപടി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളും, നിലവിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനം അർഹരായവരുമായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവാസിപ്പിക്കുന്നതിനാണ് അഗതിരഹിത കേരളം എന്ന പദ്ധതി ആവിഷ്കരിച്ചത്. 10.3.2019-ലാണ് കോന്നി ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത്. 10656116 രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| ഇനം | ഗുണഭോക്താളുടെ എണ്ണം | വകയിത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| ഭക്ഷണം | 92 | 2239200 | 1240909 |
| ചികിത്സ ധനസഹായം | 29 | 43500 | 0 |
| വീട് നിർമ്മാണം | 8 | 3200000 | 0 |
| വസ്തു വാങ്ങാൻ ധനസഹായം | 32 | 750000 | 0 |
| വീട് മെയിന്റനൻസ് | 25 | 3100000 | 0 |
| വൈദ്യുതികരണം | 1 | 10000 | 0 |
| കുടിവെള്ളം | 10 | 100000 | 0 |
| കക്കൂസ് നിർമ്മാണം | 5 | 50000 | 0 |
| വസ്ത്രം | 92 | 276000 | 0 |
| | | | |

| | | | |
|---|---|---|---|
| തൊഴിൽ പരിശീലനം | 46 | 225000 | 0 |
| പെൻഷൻ | 20 | 7500 | 0 |
| കൗൺസിലിംഗ് | 25 | 30000 | 0 |
| പലവക | 92 | 45000 | 2325 |
| മെഡിക്കൽ ക്യാമ്പ് | 92 | 150000 | 0 |
| വിദ്യാഭ്യാസം | 14 | 2100000 | 0 |
| റിസർവ് ഫണ്ട് | | 104416 | 0 |
| | ആകെ | 10656116 | 1243234 |

പദ്ധതിയുടെ ചെലവ് പൂർണ്ണമായും ഭക്ഷണ വിതരണത്തിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. വീട് നിർമ്മാണത്തിനുള്ള ഗുണഭോക്താക്കളിൽ 2 പേർ ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 6 പേരെയും ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതിയുടെ വിവിധ ഫണ്ട് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു- (31.3.2021 വരെ)

| ഇനം | വകയിരുത്തിയത് | ലഭിച്ചത് | ചെലവഴിച്ചത് |
|---|---|---|---|
| വികസന ഫണ്ട് | 3729641 | 10000 | 0 |
| ചലഞ്ച് ഫണ്ട് | 2088314 | 369844 | 1240909(മുന്നിരിപ്പ് ഉൾപ്പെടെ) |
| ബ്ലോക്ക് പഞ്ചായത്ത് | 1598417 | | 0 |
| ജില്ലാ പഞ്ചായത്ത് | 1065612 | | 0 |
| സ്പോൻസർഷിപ്പ്, പലിശ | 2174312 | | 26907 |
| ആകെ | 10656296 | 379844 | 1267816 |

ആശ്രയ രണ്ടാം ഘട്ട പദ്ധതിയുടെ ബാലൻസ് തുകയായ 864575രൂപ പ്രസ്തുത പദ്ധതിയ്ക്കായി ആരംഭിച്ച അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. വികസന ഫണ്ട് ഇനത്തിൽ 2019-20 വർഷം ലഭിച്ച തുക 10000 രൂപ (ട്രഷറി ബിൽ നം. 1905105201100823398/14.11.2019) ചെലവഴിക്കാതെ അവശേഷിക്കുന്നു. തൻ വർഷം വികസന ഫണ്ട് ഒന്നും ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ തുക ലഭ്യമാക്കാനും ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് ഭക്ഷ്യധാന്യവിതരണത്തിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല. പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലുള്ള പദ്ധതി വിലയിരുത്തൽ ഉപസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്ത് ഭരണസമിതിയും പദ്ധതിയുടെ നടത്തിപ്പിൽ താല്പര്യം കാണിക്കുന്നില്ല. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 വൃദ്ധർക്ക് കട്ടിൽ- വാങ്ങിയ കട്ടിലുകൾ പൂർണ്ണമായി വിതരണം ചെയ്തില്ല.

| ക്രമ.നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ, 271/2020-21 | വികസന ഫണ്ട്-261000 | വികസന ഫണ്ട്-261000 |

2020-21 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതിയ്ക്കായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ ഒന്നിന് 4350രൂപ നിരക്കിൽ 60 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. അതിൽ 59 കട്ടിലുകൾ മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുള്ളത്. ഒരു കട്ടിൽ നാളിതുവരെയായിട്ടും വിതരണം നടത്തിയിട്ടില്ല. കട്ടിലുകൾ പൂർണമായി വിതരണം നടത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(9/20.09.21), ഗുണഭോക്താവും, അർഹനായ അടുത്ത ഗുണഭോക്താവും മരണപ്പെട്ടു പോയതിനാൽ ആ വാർഡിൽ മറ്റു ഗുണഭോക്താക്കൾ ഇല്ലായെന്നും കൊറോണയായതിനാൽ കമ്മിറ്റി തീരുമാനമെടുത്ത് അർഹനായ മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്താൻ കാലതാമസമുണ്ടായെന്നും, ഉടൻ തന്നെ അടുത്ത ഗുണഭോക്താവിനെ കണ്ടെത്തി കട്ടിൽ വിതരണം നടത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അർഹനായ അടുത്ത ഗുണഭോക്താവിനെ കണ്ടെത്തി കട്ടിൽ വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവന പദ്ധതി - അവലോകനം

പഞ്ചായത്തിലെ ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും ഭവനം ലഭ്യമാക്കുക എന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ 28 ഗുണഭോക്താക്കളും പട്ടികജാതി വിഭാഗത്തിൽ 12 ഗുണഭോക്താക്കളും വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വീട് നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ (പട്ടികജാതി വിഭാഗം) പേര് വിവരം താഴെ ചേർക്കുന്നു-

| പേര് , മേൽവിലാസം | നൽകിയ തുക | ആകെ |
|---|---|---|
| ശ്രീ. അഭിലാഷ്,<br>ഈട്ടിമൂട്ടിൽ, അട്ടച്ചാക്കൽ | 40000/-<br>ട്രഷറി ബിൽ നം. 19051052016601157139/28.1.2020 | 200000/- |
| | 160000/-<br>ട്രഷറി ബിൽ നം. 20051052011100341222/13.7.2020 | |
| ശ്രീമതി മഞ്ജു പി എം,<br>പുതുവേലിൽ, മങ്ങാരം | 40000/-<br>ട്രഷറി ബിൽ നം. 19051052016601157139/28.1.2020 | 40000/- |

പട്ടികജാതി വിഭാഗത്തിൽ അഡീഷണൽ ലിസ്റ്റിലുള്ള 32 ഗുണഭോക്താകളിൽ 21 ഗുണഭോക്താകൾ കർറിലേർപ്പെട്ടിട്ട് ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള ലിസ്റ്റിൽപ്പെട്ട 68 ഗുണഭോക്താകളിൽ 6 പേർക്ക് വീട് നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി വാങ്ങിയതിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ആഗതി രഹിത കേരളം പദ്ധതിയിലുൾപ്പെട്ട വീട് ലഭിക്കാൻ അർഹരായ ഗുണഭോക്താകളിൽ 2 പേർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുകയും ബാക്കി 6 പേരെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 75480 | നെൽകൃഷി വികസനം | 75480 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 150000 | പച്ചക്കറി കൃഷി വ്യാപനം | 150000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 86175 | ഫലവൃക്ഷത്തൈ വിതരണം | 86175 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 59670 | നെൽകൃഷി വികസനം (SO) | 59670 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 160000 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി (SCP) | 160000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 460000 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി (SCP) (SO) | 460000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 100000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 150000 | അംഗൻവാടി പോഷകാഹാര പരിപാടി | 150000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 90842 | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 90842 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 1735000 | മിനി മാസ്റ്റ് സ്ഥാപിക്കൽ | 1735000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 675653 | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (SO) | 675653 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 500000 | ബഡ് സ്കൂൾ കെട്ടിട നിർമ്മാണം | 500000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 372276 | ഐ.ബി ജംഗ്ഷൻ വലിയപള്ളി റോഡ് കോൺക്രീറ്റിംഗ് | 372276 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 50000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 50000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 50320 | നെൽകൃഷി വികസനം | 50320 | 0 |
| പത്തനംതിട്ട ജില്ലാ | 1000000 | ഇടവിള കൃഷി വ്യാപനം | 1000000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | അംഗൻവാടി പോഷകാഹാര പരിപാടി | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 108245 | ബഡ് സ്കൂൾ കെട്ടിട നിർമ്മാണം | 108245 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 33000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 33000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (226/21) | ബിൽ നം-28 /Dtd 30-11-2020- | 1647000 | - | 1647000 |
| കെ.എസ്.ഇ.ബി കോന്നി | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (5/21) | ബിൽ നം-45 /Dtd 20-03-2021 | 573952 | - | 573952 |
| കെ.എസ്.ഇ.ബി കോന്നി | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കല്(264/21) | ബിൽ നം-22 /Dtd 23-11-2020-1336256 രൂപ, ബിൽ നം-26 /Dtd 27-11-2020-66234 രൂപ | 1402490 | - | 1402490 |
| കെ.എസ്.ഇ.ബി കോന്നി | വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (411/21) | ചെക്ക് നം-2541728/ 16-07-2020 | 392331 | - | 392331 |
| കെ.എസ്.ഇ.ബി കോന്നി | അംഗൻവാടി വൈദ്യുതീകരണം (422/21) | ബിൽ നം-51/Dtd 29-03-2021 | 110911 | - | 110911 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന നിർമ്മാണം | GO(MS)563/10/LSGD Dtd 22.2.10 ; റീജിയണൽ | | 1064217 | 500000 | ഇല്ല | 564217 |

| | | | | | | |
|---|---|---|---|---|---|---|
| | കോപ്പറേറ്റീവ് ബാങ്ക്, കോന്നി | | | | | |
| | GO(MS) 68/2018/LSGD Dated 18.5.18 KURDFC | | 3749298 | 761568 | ഇല്ല | 2987730 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ആഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2014-15 | 3.3 | 2640 | ഉദയകുമാർ, ഇടയാടിയിൽ, മങ്ങാരം, കോന്നി | 120020100505 / 22.5.2020 |
| 1999-2000 | (2) 13 | 462628 | ബി.മുഹമ്മദ് അലി, വിളയിൽ പുരയിടം, കുമ്മണ്ണൂർ | 120020400003 / 1.6.2020 |
| 2018-19 | 1-23 | 31487 | അനീഷ് കുമാർ.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ, കോന്നി | 120020101055 / 11.6.2020 |
| 2014-15 | 3.3 | 1650 | റോജി ബേബി, പുത്തൻപുരയിൽ, അതുമ്പുംകുളം, കോന്നി | 120020102713 / 9.9.2020 |
| 2014-15 | 3.3 | 1650 | എം.എസ്.ഗോപിനാഥപിള്ള, ഇഞ്ചക്കൽ കിഴക്കേതിൽ, പെരിഞ്ഞൊട്ടക്കൽ, കോന്നി | 120020104198 / 9.9.2020 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2001-02 | IV.3.2(1) | അധികമായി സാധനങ്ങൾ വാങ്ങിയതിന് നൽകിയ തുക അംഗീകരിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| | IV.3.2(2) | വനിതാ സ്വയംതൊഴിൽ പദ്ധതി- അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി | ടി |
| | IV.3.3(3) | പയ്യനാമൺ വേങ്ങതടിക്കൽ ലക്ഷംവീട് കോളനി റോഡ് ഉദ്ധാരണം - ക്രമക്കേട് | ടി |
| 2016-17 | 2014-15 2-1 | തൊഴിൽ നികുതി - അപാകതകൾ | -ടി |
| | 2015-16 2-5 | ടി- | ടി |

| | | | |
|---|---|---|---|
| | 2015-16 2-6 | ടി | ടി |

4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 178023272 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 134344165 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 433052 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 125000 | ശ്രീ.ജയപാലൻ.ആർ, സെക്രട്ടറി |
| 1-22 | 308052 | ടി |
| **ആകെ** | **433052** | |

**(സി)** **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി)** **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയപാലൻ.ആർ, സെക്രട്ടറി | സെക്രട്ടറി, കോന്നി ഗ്രാമപ്പഞ്ചായത്ത് | സുകൃതം, കരിപ്ര, കുഴിമതിക്കാട് പി.ഒ., കൊല്ലം ജില്ല 691509 |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | |
|---|---|---|
| | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | എണ്ണം |
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/363/2010 തീയതി 07-07-2010 | 8 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2/125/1997തീയതി 06-02-1999 | 2 |
| 2001-02 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി2/818/2004തീയതി 13-06-2005 | 4 |
| 2002-03 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.2/184/2005 തീയതി 17-08-2005 | 6 |
| 2003-04 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.9/22/09- തീയതി 14-04-10/17-12-10 | 9 |
| 1996-97 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/465/08 തീയതി 31-10-2009 | 1 |
| 1997-98 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/466/08 തീയതി 30-11-2009 | |
| 1998-99 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/467/08 തീയതി 30-11-2009 | |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 09/468/08 തീയതി 02-06-2009 | |
| 2000-01 (ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 02/89/04 തീയതി 14-05-2004 | |
| 2001-02 (ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/88/2004തീയതി 12-07-2004 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.9/23/2009 തീയതി 08-06-2010/22-11-2010 | എല്ലാ ഖണ്ഡികകളും |
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/466/08 തീയതി 07-0710/04-03-11 | 1 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി 6/362/10 തീയതി 04-10-11/20-03-12 | എല്ലാ ഖണ്ഡികകളും |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 6/369/10 തീയതി 07-10-11/20-03-12 | എല്ലാ ഖണ്ഡികകളും |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 2/768/11തീയതി 06-12-11/03-07-12 | എല്ലാ ഖണ്ഡികകളും |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി 9/335/13 തീയതി 05-07-13 | 4 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 9/427/13 തീയതി 03-1013 | 6 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 9/1066/14 തീയതി | 6 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി 9/875/15 തീയതി 15.10.2015 | 6 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി9-1381/2016 തീയതി16.01.2017 | 17 |
| 2016-17 | കെ.എസ്.എ പിറ്റിഎ.പി9-776/2017 തീയതി 04-07-2017 | 1 |
| 2017-18 | നം.കെ.എസ്.എ.പിറ്റിഎ.പി9/1140/2018 തീയതി 4.8.2018 | 19 |
| 2018-19 | നം.കെ.എസ്.എ.പിറ്റിഎ.പി9/206/2020 തീയതി 7.5.2020 | 27 |
| 2019-20 | നം.കെ.എസ്.എ.പിറ്റിഎ.പി9 – 664 /2021 തീയതി 21 .10.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
പത്തനംതിട്ട

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്